**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1868** **11/02/2020 -ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം ജില്ല എൽ.പി.എസ്.എ. (മലയാളം മീഡിയം) നിയമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| എ) | തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ (മലയാളം മീഡിയം) തസ്തികയിലേക്കുള്ള (കാറ്റഗറി നം. 387/2014) നിയമനത്തിനായി എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇവയിൽ എത്ര എൻ.ജെ.ഡി ഒഴിവുകളുണ്ടെന്ന് പൊതു വിഭാഗം, സംവരണ വിഭാഗം തിരിച്ചുള്ള വിവരം നൽകാമോ; | എ) | തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ (മലയാളം മീഡിയം) തസ്തികയിലേക്കുള്ള (കാറ്റഗറി നം. 387/2014) നിയമനത്തിനായി നിലവിൽ 33 Fresh ഒഴിവുകൾ പി എസ് സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പൊതുവിഭാഗത്തിന്റെ പത്തും സംവരണവിഭാഗത്തിന്റെ ഒൻപതും ഉൾപ്പെടെ ആകെ 19 NJD ഒഴിവുകളും പി എസ് സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) | പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവിലേക്ക് അഡ്വൈസ് അയക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ (മലയാളം മീഡിയം) നിയമനവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരത്തിന്മേൽ അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ നിയമന ശുപാർശ പൂർത്തിയായിട്ടില്ല. |
| സി) | എൽ.പി.എസ്.എ. തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിൽ കേസ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കേസിന്മേൽ അന്തിമ | സി) | എൽ.പി.എസ്.എ. തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിരുന്ന വിവിധ ഒ എ കളിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് |

| | | | |
|---|---|---|---|
| | തീരുമാനമായിട്ടുണ്ടോ;വിശദാംശം നൽകാമോ ? | | ട്രൈബ്യൂണൽ 10/08/2018 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന OP(KAT) 350/2018, 43/2019, 111/2019, 440/2019 എന്നീ കേസുകളിന്മേൽ 07/08/2019 ൽ ബഹു.ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിൽ ടി വിഷയത്തിലുള്ള കേസുകളെല്ലാംതന്നെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒരിക്കൽകൂടി പരിഗണിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി 4 മാസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ടി കേസുകളിന്മേൽ ബഹു.ട്രൈബ്യൂണൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

Usha Kumari (signature)

സെക്ഷൻ ഓഫീസർ